**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **19-06-2024 - ൽ മറുപടിയ്ക്ക്**

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡിൽ കി.മീ. 0/000 മുതൽ കി.മീ. 1/700 വരെയും കി.മീ. 3/470 മുതൽ കി.മീ. 6/000 വരെയും ഉള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |
| (ബി) | ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട 13.5 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിനും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ച 5 കോടി രൂപയ്ക്കും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (ബി) | മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡിന് 13,36,90,000/- രൂപയ്ക്ക് Revised Administrative Sanction നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും, കി.മീ. 1/700 മുതൽ കി.മീ. 3/470 വരെയുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2023-2024 ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 കോടി രൂപക്ക് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.<br><br>സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് എത്രയും വേഗം സാങ്കേതികാനുമതി ലഭ്യമാക്കി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡിന് 13,36,90,000/- രൂപയ്ക്ക് Revised Administrative Sanction നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും, കി.മീ. 1/700 മുതൽ കി.മീ. 3/470 വരെയുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2023-2024 ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 കോടി രൂപക്ക് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.<br><br>സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ